# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:01.05.2025**

## പ്രധാനവാർത്തകൾ

1.) സർഗാത്മകതയുടെ ആഗോള ആവാസ വ്യവസ്ഥയ്ക്ക് രാജ്യം അടിത്തറയിടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ; ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടി വേവ്സ് 2025 ന് മുംബൈയിൽ തുടക്കം.

2.) വികസന നങ്കൂരമിടാൻ കേരളം ; വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും ; രാജ്യത്തിൻറെ പുതിയ സമുദ്ര യുഗത്തിന് തുടക്കമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3.) വിഴിഞ്ഞം പദ്ധതി ഉദ്ഘാടനത്തിന് തലസ്ഥാനമൊരുങ്ങി ; തിരുവനന്തപുരം കനത്ത സുരക്ഷാ വലയത്തിൽ .

4.) നിരാഹാര സമരം അവസാനിപ്പിച്ച്, "രാപ്പകൽ സമരയാത്ര" എന്ന പുതിയ സമരഘട്ടത്തിന് തുടക്കമിട്ട് ആശാപ്രവർത്തകർ.

5.) ജമ്മുകാശ്മീർ നിയന്ത്രണ രേഖയിൽ വീണ്ടും പാക് പ്രകോപനം; ശക്തമായി നേരിട്ട് ഇന്ത്യൻ സൈന്യം ; പാക് വ്യോമാതിർത്തി അടച്ചു.

6.) ഐ പി എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് ഇന്ന് മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും .

*******************************

RNUTVPM

## വേവ്സ് 2025 - പ്രധാനമന്ത്രി

സർഗാത്മകതയുടെ ആഗോള ആവാസ വ്യവസ്ഥയ്ക്ക് രാജ്യം അടിത്തറയിടുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടി വേവ്സ് 2025 ൻറെ ആദ്യ പതിപ്പ് മുംബൈയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓരോ കലാകാരനും സ്രഷ്ടാവിനും അവകാശപ്പെട്ട ഒരു ആഗോള പ്ലാറ്റ്ഫോമാണ് വേവ്സ് എന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് )

മുംബൈ ജിയോ വേൾഡ് കൺവെൻഷൻ സെൻററിൽ നടക്കുന്ന നാല് ദിവസത്തെ ഉച്ചകോടി വിനോദ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സുപ്രധാന ചർച്ചകൾക്ക് സാക്ഷ്യം വഹിക്കും. സിനിമ, ഒടിടി, ഗെയിമിങ്, നിർമ്മിത ബുദ്ധി തുടങ്ങി വിവിധ മേഖലകളെ ഉച്ചകോടി സംയോജിപ്പിക്കും.

RNU TVPM

*******************************

## പ്രധാനമന്ത്രി - വിഴിഞ്ഞം

കേരളത്തിൻറെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാജ്യത്തിന് സമർപ്പിക്കും. വിഴിഞ്ഞം തുറമുഖത്ത് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ രാവിലെ 11 മണിക്കാണ് ഉദ്ഘാടന ചടങ്ങ്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര ഷിപ്പിങ്ങ് മന്ത്രി സർബാനന്ദ സോനോവാൾ, തുറമുഖമന്ത്രി വി എൻ വാസവൻ, കേന്ദ്ര സഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ പങ്കെടുക്കും. ഉദ്ഘാടന ചടങ്ങിനായി പ്രധാനമന്ത്രി ഇന്ന് വൈകിട്ട്

7.50 ന് തിരുവനന്തപുരത്ത് എത്തും. 8,900 കോടി രൂപ ചെലവിൽ പണി പൂർത്തിയാക്കുന്ന വിഴിഞ്ഞം രാജ്യത്തെ ആദ്യ സമർപ്പിത കണ്ടെയ്നർ കപ്പൽ ചരക്ക് കൈമാറ്റ തുറമുഖമാണ്.

*****************************

## വിഴിഞ്ഞം - സുരക്ഷ.... (ഇൻട്രോ)

വിഴിഞ്ഞം തുറമുഖ ഉദ്ഘാടനത്തിൻറെ പശ്ചാത്തലത്തിൽ തലസ്ഥാന നഗരത്തിൽ സുരക്ഷ ശക്തമാക്കി. വിഴിഞ്ഞം തുറമുഖത്തും പരിസര പ്രദേശങ്ങളിലും കർശനമായ സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പതിനായിരത്തിലധികം പേരെയാണ് ഉദ്ഘാടന ചടങ്ങിൽ പ്രതീക്ഷിക്കുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.......**

**(വോയ്സ്)**

RNU TVPM

*****************************

## മുഖ്യമന്ത്രി - വിഴിഞ്ഞം

കൂടുതൽ ആഗോള സമുദ്ര വ്യാപാരത്തെ ഇന്ത്യയിലേക്ക് ആകർഷിക്കുന്ന ഒരു പുതിയ കവാടമായി വിഴിഞ്ഞം തുറമുഖം മാറുന്നതോടെ രാജ്യത്തിൻറെ പുതിയ സമുദ്ര യുഗത്തിന് തുടക്കമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇത് ഇന്ത്യൻ വ്യാപാരത്തിനും ലോജിസ്റ്റിക്സിനും ആഗോള തലത്തിൽ നിർണ്ണായക സ്ഥാനം നൽകുന്ന ഒരു പുതിയ യുഗത്തിൻറെ പ്രാരംഭമാവുമെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

*****************************

## വി എൻ വാസവൻ -വിഴിഞ്ഞം

ചരിത്രത്തിൽ ഇടംനേടാനിരിക്കുന്ന അവിസ്മരണീയ നിമിഷത്തിനാണ് നാളെ സംസ്ഥാനം സാക്ഷ്യം വഹിക്കാൻ പോകുന്നതെന്ന് മന്ത്രി വി എൻ വാസവൻ. 5.36 ലക്ഷം TEU ചരക്ക് ഇതുവരെ വിഴിഞ്ഞം തുറമുഖം കൈകാര്യം ചെയ്തു കഴിഞ്ഞു. . 2028 ഓടെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ തുടർന്നുള്ള ഘട്ടങ്ങൾ പൂർത്തിയാകുമെന്നും 2034 മുതൽ വരുമാനം ലഭിച്ചു തുടങ്ങുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

*******************************

## ആശാപ്രവർത്തകർ - നിരാഹാര സമരം

ആശാപ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ 43 ദിവസമായി നടത്തി വന്ന നിരാഹാര സമരം അവസാനിപ്പിച്ചു. 'രാപകൽ സമരയാത്ര' എന്ന പുതിയ സമരഘട്ടത്തിന് തുടക്കം കുറിക്കുന്ന സാഹചര്യത്തിലാണ് നിരാഹാര സമരം അവസാനിപ്പിക്കുന്നതെന്ന് സമര സമിതി അറിയിച്ചു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള രാപകൽ സമരയാത്രയുടെ ഫ്ലാഗ് ഓഫ് ഇന്ന് നടന്നു. അതേസമയം ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തുന്ന രാപകൽ സമരം 81-ാം ദിവസത്തിലേയ്ക്ക് കടന്നു.

RNU TVPM

*******************************

## റാപ്പർ വേടൻ - കോടതി

പുലിപ്പല്ല് കേസിൽ റാപ്പർ വേടനെതിരെ പ്രഥമദൃഷ്ട്യാ കുറ്റകൃത്യമില്ലെന്ന് കോടതി. പെരുവാമ്പൂർ സി ജെ എം കോടതിയുടെ ജാമ്യ ഉത്തരവിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. നിലവിലെ തെളിവുകൾ അപര്യാപ്തമാണ്. മാലയിലെ പുലിപ്പല്ല് യഥാർത്ഥമാണോ എന്ന് ഇതുവരെ

കണ്ടെത്താനായിട്ടില്ല. ഇയാൾ പുലിയെ വേട്ടയാടിയെന്ന് വനംവകുപ്പിന് പരാതിയില്ലെന്നും ഉത്തരവിൽ പറയുന്നു.

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*****************************

## വ്യോമപാത - പഹൽഗാം

പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ പാകിസ്ഥാനുള്ള വ്യോമ പാതകൾ അടച്ച് ഇന്ത്യ. ഏപ്രിൽ 30 മുതൽ മേയ് 23 വരെ നിയന്ത്രണം പ്രാബല്യത്തിൽ ഉണ്ടാകും. തുടർന്നുള്ള നടപടി അടുത്ത ഘട്ടത്തിൽ സ്വീകരിക്കും. പാകിസ്ഥാനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വിമാനങ്ങൾക്കോ പാക് വിമാനകമ്പനികൾ നിയന്ത്രിക്കുന്നതോ വാടകയ്ക്ക് എടുത്തിരിക്കുന്നതോ ആയ വിമാനങ്ങൾക്കോ ഇന്ത്യൻ വ്യോമ പാത ഉപയോഗിക്കാൻ സാധിക്കില്ലെന്ന് വ്യോമയാന മന്ത്രാലയം അറിയിച്ചു. ഇത് സംബന്ധിച്ച് പാക് വിമാനകമ്പനികൾക്ക് നോട്ടീസ് നൽകിയതായും മന്ത്രാലയം അറിയിച്ചു.

PNUTVPM

*****************************

## വെടിനിർത്തൽ കരാർ ലംഘനം

ജമ്മുകാശ്മീർ നിയന്ത്രണ രേഖയിൽ വീണ്ടും പാക് പ്രകോപനം. ഇന്നലെ രാത്രി ഉണ്ടായ വെടിനിർത്തൽ കരാർ ലംഘനത്തെ ഇന്ത്യൻ സൈന്യം ശക്തമായി നേരിട്ടു. കുപ്വാര, ഉറി, അഖ്നൂർ സെക്ടറുകൾക്ക് എതിരെയുള്ള പ്രദേശങ്ങളിൽ നിയന്ത്രണ രേഖയ്ക്ക് കുറുകെ പാക് സൈനിക പോസ്റ്റുകൾ പ്രകോപനമില്ലാതെ

വെടിയുതിർക്കുകയായിരുന്നുവെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

*******************************

## സരസ് മേള (ഇൻട്രോ)

കുടുംബശ്രീ മിഷൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സരസ് മേള നാളെ കോഴിക്കോട് ആരംഭിക്കും. ആദ്യമായാണ് സരസ് മേളയ്ക്ക് കോഴിക്കോട് വേദിയാകുന്നത്. മേളയുടെ ഔദ്യോഗിക ഉദ്ഘാടനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

(ഹോൾഡ് വോയ്സ്.........)

*******************************

## മേയ് ദിനം

ഇന്ന് മേയ് ദിനം. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലിന്റെ മഹത്വത്തെത്തെ ബഹുമാനിക്കാനും സാർവ്വദേശീയ തൊഴിലാളി ദിനം ഓർമ്മപ്പെടുത്തുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രാജ്യത്തൊട്ടാകെയുള്ള തൊഴിലാളികൾക്ക് മേയ് ദിന ആശംസകൾ നേർന്നു. എകെജി സെൻററിൽ നടന്ന മേയ് ദിന ആഘോഷത്തിൽ സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പതാക ഉയർത്തി.

*******************************

RNU TVPM

## ദേശിയോദ്യാനം-ഇടുക്കി (ഇൻട്രോ

മൂന്നാറിലേക്കെത്തുന്ന വിനോദ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളിലൊന്നാണ് ഇരവികുളം ദേശിയോദ്യാനം. മധ്യവേനൽ അവധിയാരംഭിച്ചതോടെ ഉദ്യാനത്തിലെത്തുന്ന സഞ്ചാരികളുടെ തിരക്കും വർധിച്ചിട്ടുണ്ട്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്**

**(വോയ്സ്)**

*****************************

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് - മുംബൈ ഇന്ത്യൻസുമായി ഇന്ന് ഏറ്റുമുട്ടും. രാത്രി 07.30 ന് ജയ്പൂരിലെ സവായ് മാൻസിങ് സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ രാജസ്ഥാൻ നിലവിൽ എട്ടാം സ്ഥാനത്താണ് . ഇന്ന് പരാജയപ്പെട്ടാൽ പ്ലേ ഓഫ് കാണാതെ ടീം പുറത്താകും. പട്ടികയിൽ മൂന്നാം സ്ഥാനത്താണ് കരുത്തരായ മുംബൈ ഇന്ത്യൻസ്.

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഉയർന്ന ചൂട് കൂടുന്നു. സൂര്യാഘാതം, സൂര്യതപം, നിർജലീകരണം, തുടങ്ങിയവയ്ക്ക് സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. അതേസമയം, സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും

RNU TVPM

മുന്നറിയിപ്പുണ്ട്. പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

********************************

## സ്വർണം

സ്വർണവിലയിൽ വൻ ഇടിവ് . പവന് 1,640 രൂപ കുറഞ്ഞ് 70,200 രൂപയും, ഗ്രാമിന് 205 രൂപ കുറഞ്ഞ് 8,775 രൂപയുമാണ് ഇന്നത്തെ വില.

********************************

## ജെ ചിഞ്ചുറാണി

വിവിധ ഘട്ടങ്ങളിലായി വെറ്ററിനറി മൊബൈൽ യൂണിറ്റുകൾ സംസ്ഥാന വ്യാപകമാക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. കർഷകർക്ക് വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

RNU TVPM

********************************

## കുളമ്പുരോഗ നിയന്ത്രണം

കുളമ്പുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ കന്നുകാലികൾക്കുള്ള പ്രതിരോധ കുത്തിവെപ്പ് നാളെ ആരംഭിക്കും. ഈ മാസം 23 വരെ വാക്സിനേറ്റർമാർ വീടുകളിൽ എത്തി കുത്തിവെപ്പ് നടത്തുമെന്ന് ജില്ലാ മൃഗ സംരക്ഷണ ഓഫീസർ അറിയിച്ചു. നാലുമാസത്തിന് മുകളിൽ പ്രായമുള്ള കന്നുകാലികൾക്ക് പ്രതിരോധ കുത്തിവെപ്പ് നൽകണം.

*************************************************************************************
***********